"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ - സ്വരാജ് ഭവൻ കെട്ടിട സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് M/s. പി.കെ രാമചന്ദ്രൻ കോൺട്രാക്ടിംഗ് കമ്പനി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ആർബിട്രേഷൻ നം. AR 96/2021 നംപർ കേസ്സിൽ ആർബിട്രേഷൻ & ട്രിബ്യൂണൽ ഫീ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Ms) No.121/2024/LSGD തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:-
1. G.O(MS) 36/2016/lsgd 18/02/2016
2. ബഹു. ഹൈക്കോടതിയുടെ ARNo 96/2021 മേലുള്ള 17/06/2022 ലെ വിധിന്യായം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 12/05/2023 തീയതിയിലെ DB1/224 (a)/SE/LID &EW/2018 നമ്പർ കത്ത്
4. 09/07/2024-ലെ OP (ATE) 20/2024 നമ്പർ അന്തിമ ഉത്തരവ്

**ഉത്തരവ്**

സ്വരാജ് ഭവൻ കെട്ടിട സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകേണ്ടതായ തുക സംബന്ധിച്ചുള്ള M/s പി.കെ രാമചന്ദ്രൻ കോൺട്രാക്ടിംഗ് കമ്പനി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത AR 96/2021/2021045930 നമ്പർ കേസുമായി ബന്ധപ്പെട്ട് ആർബിട്രേറ്ററുടെ ഫീസായ 4 ലക്ഷം രൂപയും,ട്രിബ്യൂണൽ സെക്രട്ടറിയുടെ ഫീസായ 20,000/- രൂപയും അനുവദിക്കുന്നതിന് എതിർകക്ഷികൾ അടവാക്കണമെന്ന് 31/10/2023ലെ ബഹു.ഹൈക്കോടതിയുടെ ആർബിട്രേറ്ററുടെ നടപടിക്രമത്തിൽ ഉത്തരവായിരുന്നു . പരാമർശം (1) പ്രകാരം 50,000/- രൂപയ്ക്ക് മുകളിൽ ഫീസ് അനുവദിക്കുന്നതിന് സർക്കാർ അംഗീകാരം ആവശ്യമായതിനാൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (3) കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലും, പരാമർശം (4) അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിലും ആർബിട്രേഷൻ ഫീസ് ,ട്രിബ്യൂണൽ സെക്രട്ടറി ഫീസ് ഇനത്തിൽ ആകെ 4,20,000/- രൂപ (നാല് ലക്ഷത്തിഇരുപതിനായിരം രൂപ മാത്രം) 2515-00-001-84 Principal Directorate LSG Engineering-34-3 (NP-V) എന്ന ശീർഷകത്തിൽ നിന്നും ടി നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (with c/l )
സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
M/s. പി. കെ രാമചന്ദ്രൻ, എഞ്ചിനീയറിംഗ് കോൺട്രാക്ടേഴ്സ് ( through PD )
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (U O no. Dev-2/237/23/fin e-2613237)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/256/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 24-09-2024 11:00:32
സെക്ഷൻ ഓഫീസർ